# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## പരിപത്രം

നം. എ.ഡി.ബി.5. 2/18021/2020 തീയതി.21.05.2020

വിഷയം. സർവ്വകലാശാലാ വാഹനം അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന. (1) മഹാത്മാഗാന്ധി സർവ്വകലാശാല എംപ്ലോയീസ് അസോസിയേഷൻ പ്രസിഡന്റ് 19/05/2020 തീയതിയിൽ വൈസ്ചാൻസലർക്ക് നൽകിയ കത്ത്.
(2) ഫയൽ നമ്പർ 17668/AD B5-1/2020/VC Section (DDFS)

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രഖ്യാപിച്ച ലോക്ഡൌൺ മൂലം തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള ധാരാളം ജീവനക്കാർക്ക് യാത്രാസൌകര്യങ്ങൾ ഇല്ലാത്തിതിനാൽ സർവ്വകലാശാലയിൽ എത്തിച്ചേരുന്നതിന് സർവ്വകലാശാലാ വാഹനം അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കണമെന്ന് മേൽ സൂചന (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു. സൂചന (2) പ്രകാരം ബഹു. വൈസ്ചാൻസിലർ താഴെപ്പറയും പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി തിരുവനന്തപുരം ജില്ലയിൽ നിന്നുമുള്ള ജീവനക്കാർക്കായി ഒരു സർവകലാശാല വാഹനം സർവീസ് നടത്തുന്നതിന് ഉത്തരവായിരിക്കുന്നു.

മേല്പറഞ്ഞ സേവനം ഉപയോഗിക്കുവാൻ താല്പര്യമുള്ള ജീവനക്കാർ 22/05/2020 തീയതിയിൽ 11 AM ന മുൻപായി ഇ- മെയിൽ മുഖാന്തിരം രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. വാഹനത്തിന്റെ ഇന്ധനച്ചിലവ് തുല്യമായി വീതിച്ചുനൽകുവാൻ സന്നദ്ധതയും അപേക്ഷകർ അറിയിക്കേണ്ടതാണ്. അപേക്ഷയിൽ പേര്, സ്ഥിരമായ മേൽവിലാസം, തസ്തിക, സെക്ഷൻ, ഫോൺ നമ്പർ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

സമർപ്പിക്കേണ്ട ഇമെയിൽ വിലാസം. registrar@mgu.ac.in

ഡോ.പ്രകാശ് കുമാർ .ബി
രജിസ്ട്രാർ

പകർപ്പ്.
1) എല്ലാ സെക്ഷനുകൾ/ സ്കൂളുകൾ/ ഡിപ്പാർട്ട്മെന്റുകൾ
2) വൈസ്ചാൻസിലർ/ പ്രോ വൈസ്ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3) രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ
4) പി.ആർ.ഒ/ സെക്യൂരിറ്റി ഓഫീസർ/ കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ.
5) സ്റ്റോക്ക് ഫയൽ/ ഫയൽകോപ്പി.

Draft #1 of File 18021/AD B5-2/2020/AD B 5 Approved by Registrar on 21-May-2020 04:57 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം